Property Insurance Handbook Malayalam

## നിങ്ങളുടെ ഇൻഷൂറൻസ് കമ്പനി നിങ്ങൾ പറയുന്നത് ശ്രദ്ധിക്കുന്നുണ്ടോ?



**നിങ്ങളുടെ ഇൻഷൂറൻസ് കമ്പനി
നിങ്ങളുടെ പരാതികൾ പരിഹരിക്കുന്നില്ലെങ്കിൽ,
ദയവായി ബന്ധപ്പെടുക**

ഐആർഡിഎ ഗ്രീവൻസ് കോൾ സെന്റർ

**ടോൾ ഫ്രീ നം.: 155255**

നിങ്ങളുടെ പരാതികളെ റജിസ്റ്റർ ചെയ്യുവാനും അവയുടെ സ്ഥിതി കണ്ടെത്തുവാനും
അഥവാ ഞങ്ങൾക്ക് complaints@irda.gov.in ൽ ഇ-മെയിൽ ചെയ്യുക

ഈ പൊതുജന ബോധവൽക്കരണ ഉദ്യമം നടത്തുന്നത്

ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി
INSURANCE REGULATORY AND DEVELOPMENT AUTHORITY

ഇൻഷൂറൻസിനെ വളർത്തുന്നു. ഇൻഷൂർ ചെയ്യപ്പെട്ടവരെ സംരക്ഷിക്കുന്നു

www.irda.gov.in

ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി
INSURANCE REGULATORY AND DEVELOPMENT AUTHORITY

Bima Bemisaal



# പ്രോപ്പർട്ടി ഇൻഷൂറൻസിന്മേൽ

## ഒരു ലഘുപുസ്തകം

**ഉള്ളടക്കം :**


| | | |
|---|---|---|
| 1. | ഈ ലഘുപുസ്തകത്തെ കുറിച്ച് | 1 |
| 2. | പ്രോപ്പർട്ടി ഇൻഷൂറൻസ് | 2 |
| 3. | പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ | 9 |
| 4. | പോളിസിധാരകന്റെ സർവീസിങ്ങ് ടിഎടികൾ | 18 |
| 5. | നിങ്ങൾക്കൊരു പരാതി ഉണ്ടെങ്കിൽ | 19 |


## 1. ഈ ലഘുപുസ്തകത്തെ കുറിച്ച്

ഈ ലഘുപുസ്തകം രൂപകൽപ്ന ചെയ്തിരിക്കുന്നത് ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിയാണ് (ഐആർഡിഎ). പ്രോപ്പർട്ടി ഇൻഷൂറൻസിന്മേൽ ഒരു മാർഗരേഖരേഖയായ ഇത് സാമാന്യ വിജ്ഞാനം മാത്രമെ നൽകുന്നുള്ളൂ. ഇതിൽ നൽകിയിട്ടുള്ള വിവരങ്ങളൊന്നും ഒരു ഇൻഷൂറൻസ് പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പകരമാകുകയോ അവയെ പിന്തള്ളുകയോ ചെയ്യുന്നില്ല.

ഒരു പോളിസി സംബന്ധിച്ചുള്ള നിർദിഷ്ട വിവരങ്ങൾക്ക് അഥവാ മറ്റേതെങ്കിലും വിശദ വിവരങ്ങൾക്ക് ദയവായി ഒരു അംഗീകൃത ഏജന്റിനെയോ, ബ്രോക്കറെയോ അഥവ ഐആർഡിഎയിൽ റജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഇൻഷൂറൻസ് കമ്പനിയെയോ സമീപിക്കുക.

## 2. പ്രോപ്പർട്ടി ഇൻഷൂറൻസ്

പ്രോപ്പർട്ടിയുടെ ഇൻഷൂറൻസ് എന്നാൽ, കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ, സ്റ്റോക്ക്സ് എന്നിവയെ തീ അതുപോലെ തൽസംബന്ധിത നാശനഷ്ടങ്ങൾ, കളവ് നഷ്ടങ്ങൾ എന്നിവക്കെതിരെയുള്ള ഇൻഷൂറൻസ് ആണ്. സമുദ്രം, വായു, റെയിൽവേ, റോഡ്, കുറിയർ വഴി നീങ്ങുന്ന ചരക്കുകളെ മറീൻ കാർഗോ ഇൻഷൂറൻസിന് കീഴിൽ ഇൻഷൂർ ചെയ്യാം. കപ്പലിന്റെയും ബോട്ടുകളുടെയും സംഭരണ ഭാഗങ്ങളെ മറീൻ ഹൾ ഇൻഷൂറൻസിന് കീഴിൽ ഇൻഷൂർ ചെയ്യാം. ഇതിനു പുറമെ, വിമാനങ്ങളുടേയും ഹെലിക്കോപ്റ്ററുകളുടേയും ഇൻഷൂറൻസിനായി ഏവിയേഷൻ ഇൻഷൂറൻസ് പോളിസി ഉണ്ട്. അതായത്, പ്രോപ്പർട്ടി ഇൻഷൂറൻസ് എന്നത് ജനറൽ ഇൻഷൂറൻസിന്റെ ഒരു വളരെ വിശാലമായ തരമാണ്; നിങ്ങൾക്കാവശ്യമുള്ള പരിരക്ഷയുടെ ഇനം നിങ്ങൾ ഇൻഷൂർ ചെയ്യുവാൻ ആഗ്രഹിക്കുന്ന പ്രോപ്പർട്ടിയുടെ ഇനത്തെ ആശ്രയിച്ചിരിക്കുന്നു.

- **പേക്കേജ് അഥവാ അമ്പ്രല്ലാ പോളിസികൾ**
  ഒരു ഒറ്റ പ്രമാണത്തിൻ കീഴിൽ, പരിരക്ഷകളുടെ ഒരു സംയുക്തം തന്നെ നൽകുന്ന പേക്കേജ് അഥവാ അമ്പ്രല്ലാ പരിരക്ഷകൾ ലഭ്യമാണ്. ഉദാഹരണത്തിന്, വീട്ടുടമയുടെ പോളിസി, കടയുടമയുടെ പോളിസി, ഓഫീസ് പേക്കേജ് പോളിസി തുടങ്ങിയ പരിരക്ഷകൾ ഉണ്ട്. ഇവ ഒരു പോളിസിക്കു കീഴിൽ, കെട്ടിടങ്ങൾ, അവയിലെ സ്വത്തുക്കൾ എന്നിവ ഉൾപ്പെടെ വിവിധ ഭൗതിക ആസ്തികളെ പരിരക്ഷിക്കുന്നു. അത്തരം പോളിസികളിൽ, ആസ്തികളെ പരിരക്ഷിക്കുവാൻ അപേക്ഷിക്കുന്നതിനു പുറമെ, ചില സ്വകാര്യ വസ്തുക്കൾ അഥവാ ബാദ്ധ്യതകളുടെ പരിരക്ഷകളും ഉൾപ്പെട്ടേക്കാം. നിങ്ങൾ പരിഗണിക്കുന്ന പോളിസിയിൽ അടങ്ങുന്ന പരിരക്ഷകളുടേയും നിരാകരണങ്ങളുടേയും പൂർണമായ വിശദ വിവരങ്ങൾ നിങ്ങൾക്ക് മനസിലായെന്ന് ഉറപ്പുവരുത്തുക. പേക്കേജ്





അഥവാ അമ്പ്രല്ലാ പരിരക്ഷകൾക്ക് എല്ലാ വിഭാഗങ്ങളിലും സമാനമായ നിബന്ധനകളും വ്യവസ്ഥകളും ഉണ്ടാകാം അതുപോലെ പോളിസിയുടെ നിശ്ചിത വിഭാഗങ്ങൾക്ക് നിശ്ചിത നിബന്ധനകളും ഉണ്ടാകാം.

- **ഫയർ ഇൻഷൂറൻസ്**
  സാധാരണ ഫയർ ഇൻഷൂറൻസ് പോളിസിയാണ് ഏറ്റവും ജനപ്രീതി നേടിയ പ്രോപ്പർട്ടി ഇൻഷൂറൻസ്. പോളിസി പ്രകാരം പരിരക്ഷിതമായ സ്വത്തിന് തീഅഥവാ മറ്റു ആപത്തുകൾ മൂലം ഏതെങ്കിലും മുൻകൂട്ടി അറിയാത്ത നഷ്ടം/നാശത്തിനെതിരെ സംരക്ഷണം ഫയർ ഇൻഷൂറൻസ് പോളിസി നൽകുന്നു. പാർപ്പിടങ്ങൾ, ഓഫീസുകൾ, കടകൾ, ആശുപത്രികൾ, ആരാധനാ സ്ഥലങ്ങൾ എന്നിവയും അവയിലെ സാധനങ്ങളും ഒരു ഫയർ ഇൻഷൂറൻസ് പോളിസി പ്രകാരം പരിരക്ഷിതമാക്കാവുന്ന വിവിധ ഇനം സ്വത്തുക്കൾ ആണ് ; വ്യാവസായിക/നിർമാണപര ആപൽസാധ്യതകളും അവയിലെ യന്ത്രോപകരണങ്ങൾ, പ്ലാന്റുകൾ, സജ്ജീകരണങ്ങൾ, ഘടകവസ്തുക്കൾ എന്നീ സ്വത്തുക്കളും; ഫാക്ടറികളിലും, ഗോഡൗണുകളിലും തുറന്ന സ്ഥലങ്ങളിലും ഉള്ള അസംസ്കൃത വസ്തുക്കൾ, പ്രക്രിയയിലുള്ള വസ്തുക്കൾ, പകുതി തയ്യാറായ വസ്തുക്കൾ, തയ്യാറായ വസ്തുക്കൾ, പേക്കേജിങ്ങ് സാധനങ്ങൾ എന്നിവ ഉൾപ്പെട്ട ചരക്കുകൾ; വ്യാവസായിക/നിർമാണപര ആപൽസാധ്യതക്ക് പുറത്ത് സംഭരിച്ചിട്ടുള്ള പ്രയോജക
  വസ്തുക്കൾ; വ്യാവസായിക പരിസരത്തിന് വെളിയിൽ സംഭരണത്തിനുള്ള ആപൽസാധ്യതകൾ; വ്യാവസായിക ആപൽസാധ്യതയുടെ കോമ്പൗണ്ടിന് പുറത്ത് സ്ഥിതിചെയ്യുന്ന ടാങ്ക് ഫാമുകൾ/ഗ്യാസ് ഹോൾഡറുകൾ എന്നിവ.

**ഒരു ഫയർ പോളിസി പരിരക്ഷിക്കുന്നത് എന്തെല്ലാം :**
ഇതിനെ ഫയർ ഇൻഷൂറൻസ് എന്ന് പറയുമെങ്കിലും,

കേവലം അഗ്നിബാധയുടെ ആപൽസാധ്യതക്കു പുറമെ, താഴെപ്പറയുന്നവയിൽനിന്നും പരിരക്ഷ നൽകുന്നുണ്ട്: ഇടിമിന്നൽ, ബാഹ്യസ്ഫോടനം/ആന്തരികസ്ഫോടനം, വിമാന നാശനഷ്ടം, ലഹളയും പണിമുടക്കും, വിദ്രോഹപരമായ നാശപ്പെടുത്തൽ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, ചക്രവാതം, വാതാവർത്തം, വെള്ളപ്പൊക്കവും വെള്ളത്തിൽ മുങ്ങലും, പരിണാമ നാശനഷ്ടം, അവതലനവും പാറയിടിച്ചിൽ ഉൾപ്പെടെ മണ്ണിടിച്ചിലും, വെള്ള ടാങ്കുകൾ, ഉപകരണങ്ങളും പൈപ്പുകളും, മിസൈൽ ടെസ്റ്റിങ്ങ് പ്രവർത്തനങ്ങൾ എന്നിവയുടെ പൊട്ടിത്തെറി ഒപ്പം/അഥവാ നിറഞ്ഞൊഴുക്കും, അത്യാഹിതത്തിൽ ഓട്ടോമാറ്റിക് സ്പ്രിങ്ക്ളർ സ്ഥാപിച്ചതിൽനിന്ന് ചോർച്ച, ചെടികൾക്ക് തീപ്പിടുത്തം എന്നിവ.

**ഒരു ഫയർ പോളിസിയിൽ ഉൾപ്പെടാത്തവ ഏവ:**
ഒരു ഫയർ ഇൻഷൂറൻസ് പോളിസി സാധാരണയായി അമിതം എന്നറിയപ്പെടുന്ന കുറച്ചു തുകയെ പരിരക്ഷിക്കുന്നില്ല. യുദ്ധവും യുദ്ധം പോലുള്ള പ്രവർത്തനങ്ങളാൽ ഉണ്ടായ നഷ്ടം അഥവാ നാശങ്ങൾ, ന്യൂക്ലിയാർ കെടുതികൾ, പ്രദൂഷണം അഥവാ മലിനീകരണം, ഇലക്ട്രിക്കൽ/മെക്കാനിക്കൽ പ്രവർത്തനം നിലക്കൽ, കുത്തിക്കവർച്ച, ഭവന ഭേദനം എന്നിവയെ ഒഴിവാക്കിയിരിക്കുന്നു. പുറമെ കൂടുതൽ പ്രീമിയം അടച്ചുകൊണ്ട് ഭൂമികുലുക്കം, പെട്ടെന്നുണ്ടാകുന്ന സ്ഫോടനം എന്നിവ പോലുള്ള ചില ദുരന്തങ്ങളിൽനിന്നും പരിരക്ഷ നേടാം.

ദീർഘകാലത്തേക്കുള്ള പോളിസി ഇഷ്യൂ ചെയ്തേക്കാവുന്ന പാർപ്പിടങ്ങൾക്കുള്ളവ (കുറഞ്ഞത് മൂന്നു വർഷത്തെ കാലയളവ് ഉള്ളത്) ഒഴിച്ചാൽ, ഫയർ ഇൻഷൂറൻസ് പോളിസികൾ ഇഷ്യൂ ചെയ്യുന്നത് ഒരു വർഷത്തേക്കാണ്.



- **ബർഗ്ലറി ഇൻഷൂറൻസ്**
  ഒരു വ്യാപാര സംരംഭത്തിന് അഥവാ ഒരു വീടിന് ഭവന ഭേദന ഇൻഷൂറൻസ് പോളിസി നൽകപ്പെട്ടേക്കാം. ഈ പോളിസിയിൽ പ്രത്യേകം പരിരക്ഷിതമാണെങ്കിൽ, സ്റ്റോക്കുകൾ/സ്വന്തമായ വസ്തുക്കൾ അഥവാ വിശ്വാസത്താൽ കൈവശമുള്ളവ ഉൾപ്പെടെ ആ സ്ഥലത്തുള്ള സ്വത്തുക്കൾ എന്നിവ ഉൾപ്പെടുന്നു. നിങ്ങൾ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണെങ്കിൽ ക്യാഷ്, വിലപ്പിടിപ്പുള്ള വസ്തുക്കൾ, പൂട്ടിയ സേഫിൽ അഥവാ പൂട്ടിയ സ്റ്റീൽ അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന സെക്യൂരിറ്റികൾ എന്നിവയും ഇത് പരിരക്ഷിക്കും.

  ഒരു സ്ഥലത്തെ വസ്തുക്കൾക്ക് പരിരക്ഷ നൽകുന്നതിനു പുറമെ, ഭവന ഭേദനക്കാർ ഭവന ഭേദന സമയത്ത് വരുത്തിവെച്ച അഥവാ ഭവന ഭേദനത്തിന് ശ്രമിച്ചപ്പോൾ നിങ്ങളുടെ വീടിന് അഥവാ സ്ഥലത്തിന് ഉണ്ടായ നാശനഷ്ടങ്ങളെയും ബർഗ്ലറി ഇൻഷൂറൻസ് പോളിസി നികത്തും. ഇൻഷൂർഡ് തുകയുടെ പരിധിക്ക് വിധേയമായി ഭവന ഭേദനം/വീട് കുത്തിത്തുറക്കൽ കാരണം നിങ്ങളുടെ ഇൻഷൂർഡ് സ്വത്തിന് സംഭവിച്ച യഥാർത്ഥ നഷ്ടം/നാശനഷ്ടത്തിന് പോളിസി പണം തരും. ഇൻഷൂർഡ് തുക പര്യാപ്തമല്ലെങ്കിൽ, ആനുപാതിക നഷ്ടം മാത്രം പോളിസി നൽകുന്നു. അതിനാൽ, ഇൻഷൂറൻസ് മൂല്യം കുറവായില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നിങ്ങൾ സ്വത്തിനെ ശരിയായ വിധം മൂല്യനിർണയം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

  ഒരു ബർഗ്ലറി ഇൻഷൂറൻസ് പോളിസികൊണ്ട് പൊതുവെ കലാപം, പണിമുടക്ക്, പകപോക്കാനുള്ള നാശനഷ്ടങ്ങൾ, കളവ് എന്നിവക്കും വിസ്താരിത പരിരക്ഷ ലഭിക്കും.

  **ബർഗ്ലറി ഇൻഷൂറൻസ് പോളിസിയിൽ പരിരക്ഷിതമല്ലാത്തത് :**

പ്രത്യേകമായി പരിരക്ഷിതമല്ലാത്ത പക്ഷം വിശ്വാസത്താൽ/കമ്മീഷനിൽ കൈവശം വെക്കുന്ന വസ്തുക്കൾക്ക് നഷ്ടം/കേടുപാടുകൾ, ആഭരണങ്ങൾ, കൗതുക വസ്തുക്കൾ, ഉടമസ്ഥാവകാശങ്ങൾ എന്നിവക്കായി പ്രത്യേകം ഇൻഷൂർ ചെയ്യാത്തപക്ഷം, ബിസിനസ് ബുക്ക്സ്; ഫയർ/പ്ലേറ്റ് ഗ്ലാസ്സ് ഇൻഷൂറൻസ് പോളിസി പ്രകാരം തിരിച്ചെടുക്കാവുന്ന ഏതെങ്കിലും തുക; ഒരു താക്കോൽ അഥവാ ഡ്യൂപ്ലിക്കേറ്റ് താക്കോൽ ഉപയോഗിച്ച് സേഫിൽനിന്നുണ്ടായ നഷ്ടം , ഹിംസ അഥവാ ഭീഷണി കൊണ്ടല്ല അത് ലഭിച്ചതെങ്കിൽ; ഷോപ്പിൽനിന്ന് മോഷണം, നിങ്ങൾ/നിങ്ങളുടെ കുടുംബാംഗങ്ങൾ/നിങ്ങളുടെ ജീവനക്കാർ ഏർപ്പെട്ട പ്രവൃത്തികൾ; യുദ്ധക്കെടുതികൾ, ജനക്കൂട്ട ബഹളം, പണിമുടക്ക് (പുറമെ പ്രീമിയം അടച്ച് പരിരക്ഷ നേടുന്നു), പ്രകൃതി കോപം, ന്യൂക്ലിയാർ ദുരന്തം എന്നിവ.

- **ഓൾ റിസ്ക്സ് ഇൻഷൂറൻസ്**
  ആഭരണങ്ങൾ ഒപ്പം/അഥവാ കൊണ്ടുനടക്കാവുന്ന ഉപകരണങ്ങൾ എന്നിവക്ക് പൊതുവെ ഓൾ റിസ്ക്സ് ഇൻഷൂറൻസ് ലഭിക്കും. ഈ പരിരക്ഷ പൊതുവെ തിരഞ്ഞെടുത്തവയ്ക്കാണ് വിധമാണ് നൽകുക. പോളിസിയുടെ രൂപരേഖ കമ്പനിക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. ഒരു ഓൾ റിസ്ക്സ് പോളിസി നിരാകരണങ്ങളിൽനിന്ന് മുക്തമല്ലെന്ന് അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. അതിനാൽ, ഓൾ റിസ്ക്സ് എന്ന പദം എല്ലാറ്റിനും എന്തിനും പരിരക്ഷ എന്ന് അർത്ഥമാക്കുന്നില്ല.

**ഓൾ റിസ്ക്സ് ഇൻഷൂറൻസിൽനിന്ന് പൊതുവെ ഒഴിവാക്കിയിട്ടുള്ളത് എന്താണ് :**
ഒഴിവാക്കിയിട്ടുള്ളത് ഏവയെന്ന് ശ്രദ്ധിക്കുക – പൊതുവെ കമ്പിളിപ്പുഴു, ചിതൽ, പൂപ്പ്, തേയ്മാനം, കേടുതീർക്കൽ, നിറം കൊടുക്കൽ അഥവാ അലക്കൽ അഥവാ ഏതെങ്കിലും കാലക്രമേണയായ പ്രവർത്തന കാരണം, വെറുതെ



പൊട്ടിപ്പോകൽ/ഉരസൽ അഥവാ വരവീഴൽ അഥവാ കൊണ്ടുപോകുമ്പോൾ ഉണ്ടായ അത്യാഹിതത്താൽ സംഭവിച്ച പൊട്ടാവുന്ന വസ്തുക്കളിൽ പിളർപ്പ് അല്ലെങ്കിൽ കൂടാതെ ഏതെങ്കിലും മെക്കാനിക്കൽ അഥവാ അത്യാഹിതത്തിലെ ബാഹ്യ കാരണങ്ങൾ ഒഴികെ ഇലക്ട്രിക്കൽ ബ്രേക്ക്ഡൗൺ/സ്ഥിരസ്ഥിതി നഷ്ടമാകൽ, വാച്ചുകൾ അഥവാ ക്ലോക്കുകൾക്ക് അതിയായി പിരിമുറുക്കൽ, കോട്ടംതട്ടൽ അഥവാ അകത്ത് കേടുപാടുകൾ; പൂർണമായും അടച്ചിട്ടുള്ള സലൂണുകൾ അല്ലെങ്കിൽ കാറുകളിൽനിന്ന് മോഷണം, തൽഫലമായുള്ള നഷ്ടങ്ങൾ, ഏതെങ്കിലും നിയമപരമായ ബാദ്ധ്യത, യുദ്ധാപത്ത്, ന്യൂക്ലിയാർ ആപൽസാധ്യതകൾ, ഏതെങ്കിലും ഗവണ്മെന്റ്/പ്രാദേശിക അധികാരിയുടെ നടപടി, കൂടാതെ ആപൽസാധ്യത വർധിക്കുന്നതിന് പ്രേരകമാകുംവിധം ഇൻഷൂർഡ് വ്യക്തിയുടെ പ്രവൃത്തിമൂലം ഏതെങ്കിലും നഷ്ടം എന്നിവയെ പോളിസിയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

പുറമെ കൂടുതൽ പ്രീമിയം അടച്ച് മെക്കാനിക്കൽ ഒപ്പം/അഥവാ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ബ്രേക്ക്ഡൗൺ എക്സ്ടെൻഷൻ ലഭ്യമാക്കാം.

- **മറീൻ കാർഗോ ഇൻഷൂറൻസ്**
  വെള്ളം, വായു, റോഡ് അഥവാ റെയിൽ, റജിസ്റ്റേർഡ് പോസ്റ്റ് പാർസൽ, കുറിയർ അഥവാ മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും രണ്ടോ അധികമോ വഴി ട്രാൻസിറ്റ് ചെയ്യുന്നവയ്ക്ക്, മറീൻ കാർഗോ ഇൻഷൂറൻസ് പരിരക്ഷ നൽകുന്നു.

**ഒരു മറീൻ കാർഗോ ഇൻഷൂറൻസ് പോളിസി ആർക്കെല്ലാം എടുക്കാം:**
വാങ്ങുന്നവർ, വിൽക്കുന്നവർ, ഇംപോർട്ട്/ എക്സ്പോർട്ട് വ്യാപാരികൾ, ബൈയിങ്ങ് ഏജന്റ്സ്, കോൺട്രാക്ടർസ്, ബാങ്കേർസ് എന്നിവർക്ക്.

മറീൻ കാർഗോ പോളിസികൾ ചരക്കുകളിലുള്ള താൽപര്യത്തെ പരിരക്ഷിക്കുന്നു കൂടാതെ വിൽപനയുടെ വ്യവസ്ഥകളിൽ നിർണയിക്കപ്പെട്ട വിധം, ഉടമസ്ഥതയുടെ കൈമാറ്റം നടന്നാൽ താൽപര്യം നേടുന്ന ഏതെങ്കിലും തേർഡ് പാർട്ടിയുടെ താൽപര്യങ്ങളെ പരിരക്ഷിക്കുവാനും പര്യാപ്തമാകുന്നു.

**മറീൻ കാർഗോ ഇൻഷൂറൻസ് എങ്ങിനെ സഹായിക്കുന്നു:**
വ്യത്യസ്ത ഇനം നഷ്ടസാധ്യതകൾ ഏൽക്കുമ്പോൾ ചരക്കുകൾക്ക് നാശം സംഭവിക്കാം. ചരക്കുകൾ വഹിക്കുന്ന വാഹനത്തിന് സംഭവിക്കുന്ന ഒരു അത്യാഹിതം, ചാട്ടം, കുലുക്കം എന്നിവമൂലമുള്ള നാശങ്ങൾ എന്നിവ. ഒരു പ്രാഥമിക പരിരക്ഷയാണോ അതോ ഒരു വിശാല പരിരക്ഷയാണോ ആഗ്രഹിക്കുന്നതെന്ന് നിശ്ചയിക്കുക. പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും വായിച്ച് മനസിലാക്കുക. അവയിൽ ഏതെങ്കിലും കിഴിക്കാവുന്നവ ഉണ്ടോ എന്ന് പരിശോധിക്കുക.

**ഒരു മറീൻ കാർഗോ ഇൻഷൂറൻസ് പോളിസിയിൽ പൊതുവെ ഒഴിവാക്കിയിട്ടുള്ളത് എന്ത്:**
അകമേയുള്ള ദുർഗുണം, വിളംബം, പര്യാപ്തമായ വിധം പേക്കിങ്ങ് ഇല്ലായ്ക, സാമ്പത്തിക പിഴവുമൂലം നഷ്ടം അഥവാ നാശനഷ്ടങ്ങൾ അഥവാ കപ്പൽ ഉടമ പാപ്പരാകൽ എന്നിവ.

**പ്രോപ്പർട്ടി ഇൻഷൂറൻസിന്റെ മറ്റേതെല്ലാം ഇനങ്ങൾ ലഭ്യമാണ്?**
മറ്റു ചില ലഭ്യമായ പ്രോപ്പർട്ടി ഇൻഷൂറൻസുകളിൽ ചിലതാണ് ഇലക്ട്രോണിക് എക്വിപ്പ്മെന്റ് ഇൻഷൂറൻസ്, മഷിനറി ബ്രേക്ക്ഡൗൺ ഇൻഷൂറൻസ് എന്നിവ പോലുള്ള എഞ്ചിനീയറിങ്ങ് ഇൻഷൂറൻസ് പോളിസികൾ.



## 3. പ്രോപ്പർട്ടി ഇൻഷൂറൻസിനെ കുറിച്ച് കൂടക്കൂടെ ചോദിക്കുന്ന ചോദ്യങ്ങൾ

**ചോ. ഒരു പ്രോപ്പർട്ടി ഇൻഷൂറൻസ് പോളിസി വാങ്ങുവാൻ എന്തെല്ലാം ആവശ്യമാണ്?**

ഉ. പോളിസിക്കായി അഭ്യർത്ഥിക്കുന്ന ആൾക്ക് ഇൻഷൂർ ചെയ്യുവാൻ അഭ്യർത്ഥിക്കുന്ന ആസ്തികളിന്മേൽ പ്രഥമവും പ്രധാനവുമായ ഒരു താൽപര്യം ഉണ്ടായിരിക്കണം; അതായത്, അത്തരം ആസ്തികൾക്ക് നഷ്ടമോ നാശമോ സംഭവിച്ചാൽ അയാൾക്ക്/അവർക്ക് സാമ്പത്തിക നഷ്ടം സഹിക്കാൻ കഴിയണം. രണ്ടാമതായി, അഭ്യർത്ഥകൻ ഒരു അഭ്യർത്ഥനാ പത്രം സമർപ്പിക്കണം (ഇത് ഏതെങ്കിലും ഇൻഷൂററുടെ വെബ്സൈറ്റിൽ അഥവാ ഓഫീസിൽനിന്ന് ലഭിക്കും). അഭ്യർത്ഥനാ പത്രത്തിൽ എല്ലാ വിശദ വിവരങ്ങളും വെളിപ്പെടുത്തണം, അവ ഇൻഷൂററുടെ ഉത്തമ അറിവിൽ വാസ്തവവും അഭ്യർത്ഥകൻ പ്രസക്തമെന്ന് കരുതുന്ന മറ്റു വിവരങ്ങളും ഉൾപ്പെടുത്തണം.

**ചോ. പ്രോപ്പർട്ടി ഇൻഷൂറൻസ് പോളിസികളുടെ വ്യത്യസ്ത ഇനങ്ങൾ ഏവ?**

ഉ. ഏറ്റവുമധികം ജനപ്രീതി നേടിയത് സ്റ്റാന്റേർഡ് ഫയർ ആന്റ് അലൈഡ് പെറിൽസ് പോളിസീസ് ആണ്. സ്വത്തിന് ഏൽക്കാവുന്ന മിക്ക ആപത്തുകളേയും ഇത് പരിരക്ഷിക്കുന്നു. തീ, കലഹങ്ങൾ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവയെല്ലാം ഇതിൽ പെടും. ഭവന ഭേദനവും കളവുംമൂലം ഇപ്പോഴുള്ള ആസ്തികൾക്ക് നഷ്ടം സംഭവിച്ചാൽ, ബർഗ്ലറി ആന്റ് ഹൗസ് ബ്രേക്കിങ്ങ് ഇൻഷൂറൻസ് പോളിസി പ്രകാരം പരിരക്ഷ തേടാം. വിലപിടിപ്പുള്ള വസ്തുക്കളെ ഓൾ റിസ്ക്സ്

പോളിസികൾ കൊണ്ട് പരിരക്ഷിക്കാം. വീട്ടുടമകൾക്കും കടയുടമകൾക്കും പേക്കേജ് പോളിസികൾ ഉണ്ട്.

**ചോ. ഇൻഷൂർഡ് തുക നിശ്ചയിക്കുന്നതെങ്ങിനെ?**

**ഉ.** പൊതുവെ, ഇതിന് രണ്ടു മാർഗങ്ങളുണ്ട്. ഒന്ന്, മാർക്കറ്റ് വാല്യൂ (എംവി); മറ്റേത്, റീയിൻസ്റ്റേറ്റ്മെന്റ് വാല്യൂ (ആർഐവി). എംവിയുടെ കാര്യത്തിൽ, ഒരു നഷ്ടം സംഭവിച്ചാൽ, ആസ്തിയുടെ പഴക്കം അനുസരിച്ച് അതിന്മേൽ വിലയിടിവ് ചുമത്തും. ഈ രീതി അനുസരിച്ച്, പകരം ഒരു പുതിയത് വാങ്ങുവാൻ വേണ്ടത്ര തുക ഇൻഷൂർഡ് വ്യക്തിക്ക് നൽകുന്നതല്ല.

ആർഐവി രീതി പ്രകാരം, എസ്ഐയുടെ പരിമിതിക്ക് വിധേയമായി പകരം ഒരു പുതിയത് വാങ്ങുന്നതിനുള്ള ചെലവ് ഇൻഷൂറൻസ് കമ്പനി നൽകും. ഈ രീതി പ്രകാരം, വിലയിടിവ് ചുമത്തുന്നതല്ല. ഒരു നിബന്ധന ഉള്ളത്, ക്ലെയിം ലഭിക്കുന്നതിന് കേടുപറ്റിയ ആസ്തി റിപ്പെയർ/റീപ്ലേസ് ചെയ്യണം. ആർഐവി രീതി സ്ഥിര ആസ്തികൾക്കു മാത്രമെ അനുവദിക്കുകയുള്ളൂ, മറിച്ച് സ്റ്റോക്കുകൾ, പ്രക്രിയയിൽ ഇരിക്കുന്ന സ്റ്റോക്കുകൾ തുടങ്ങി മറ്റു ആസ്തികൾക്ക് ഇത് അനുവദിക്കുന്നതല്ല.

**ചോ. ഒരു ഫയർ ഇൻഷൂറൻസ് പോളിസിക്ക് എന്ത് ചെലവു വരും?**

**ഉ.** ഒരു ഫയർ ഇൻഷൂറൻസ് പോളിസിയുടെ അഥവാ പ്രീമിയത്തിന്റെ ചെലവ് ഇനി പറയുന്നവയെ ആശ്രയിച്ചിരിക്കും

- പരിരക്ഷിക്കപ്പെടേണ്ട ആപത്തുകൾ
- പരിരക്ഷിക്കേണ്ട വസ്തുക്കളുടെ മൂല്യം
- ഇൻഷൂറൻസിനായി അഭ്യർത്ഥിച്ചിട്ടുള്ള സ്ഥലത്തിന്റെ ഉപയോഗം



- ഇൻഷൂറൻസ് എന്നിവക്കായി അഭ്യർത്ഥിച്ചിട്ടുള്ള സ്ഥലത്തിന്റെ സ്ഥലവിവരങ്ങൾ
- കെട്ടിടത്തിന്റെ നിർമാണവും താമസയോഗ്യതയും

നോൺ-ലൈഫ് ഇൻഷൂറൻസ് ഖണ്ഡത്തിന്റെ ഡീ-ടാരിഫിനെ തുടർന്ന് (ഐആർഡിഎ നിശ്ചയിക്കുന്ന പ്രീമിയം നിരക്കുകൾ ഉള്ള മോട്ടോർ തേർഡ് പാർട്ടി ഇൻഷൂറൻസ് ഒഴികെ), ഓരോ ഇൻഷൂററും ചുമത്താവുന്ന പ്രീമിയം നിരക്കുകൾ വ്യത്യസ്തമാകാം. എങ്കിലും, അവയെ ഫയൽ ആന്റ് യൂസ് നടപടിക്രമങ്ങൾ പ്രകാരം ഐആർഡിഎ യിൽ ഫയൽ ചെയ്തിരിക്കേണ്ടതാണ്.

**ചോ. പാർപ്പിടങ്ങളിൽ അഥവാ ഓഫീസുകളിൽ അഥവാ വ്യവസായങ്ങളിൽ ഉള്ള ആസ്തികളുടെ മൂല്യം എങ്ങിനെ കണ്ടെത്താം?**

**ഉ.** പാർപ്പിടങ്ങൾക്കൊഴിച്ചാൽ, വ്യാവസായിക യൂണിറ്റുകൾ അഥവാ ഓഫീസുകൾ അവരവരുടെ ആസ്തികളുടെ മൂല്യം കാണിക്കുന്ന ബുക്ക്സ് ഓഫ് അക്കൗണ്ട്സ് സൂക്ഷിക്കുന്നതാണ്, അതിനാൽ അഷ്വേർഡ് തുകയിൽ എത്തിച്ചേരുന്നതിന് പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല. പാർപ്പിടങ്ങളുടെ കാര്യത്തിൽ, ഒരു വിശാല വകുപ്പിൽ പെടുന്ന ആസ്തികളുടെ അതായത് ഫർണീച്ചറും ഫിക്സ്ചറുകളും, തുണിത്തരങ്ങൾ, ബെഡ് ലിനൻ, അടുക്കള ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് എടുക്കേണ്ടിവരും, അങ്ങിനെ ഇൻഷൂർഡ് തുകയിൽ എത്തിച്ചേരാം.

**ചോ. ഞാൻ എന്തിന് എന്റെ കെട്ടിടം ഇൻഷൂർ ചെയ്യണം? അഗ്നിബാധ എന്റെ കെട്ടിടത്തെ ബാധിച്ചെന്നു വരില്ല.**

ഉ. തീയും മറ്റു ആപത്തുകളും (സാധാരണയായി ഫയർ ഇൻഷൂറൻസ് പോളിസിയിൽ പരിരക്ഷിതം) കെട്ടിടത്തിന് നഷ്ടം/ നാശം വരുത്തിവെക്കാം. ബഹുനില കെട്ടിടങ്ങളെ അഗ്നി ബാധിച്ച് പൂർണമായും നശിപ്പിച്ച അത്യാഹിതങ്ങൾ ഉണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കവും നാശകാരിയായ നഷ്ടങ്ങൾ ഉണ്ടാക്കാം. അതുപോലെ, ജനക്ഷോഭങ്ങൾ, ഭീകര പ്രവർത്തനങ്ങൾ എന്നിവയും മനുഷ്യ ജീവിതത്തിനും സ്വത്തുക്കൾക്കും കനത്ത നാശങ്ങൾ ഉണ്ടാക്കാം.

**ചോ. ഇടക്കാലത്തു വെച്ച് പോളിസി റദ്ദാക്കുവാൻ എനിക്ക് ആവശ്യപ്പെടുവാൻ കഴിയുമോ? എനിക്ക് ഏതെങ്കിലും പ്രീമിയം റീഫണ്ട് ലഭിക്കുമോ?**

ഉ. ഉവ്വ്.

ഇൻഷൂർ ചെയ്ത വ്യക്തിയുടെ ഐച്ഛികമായി: ഹ്രസ്വ കാലയളവിന്റെ പ്രീമിയം പിടിച്ചുവെക്കുന്നതും ബാക്കി ഉള്ളത്, തിരികെ നൽകുന്നതുമാണ്.

**ഇൻഷൂററുടെ ഐച്ഛികമായി:** ആനുപാതിക അടിസ്ഥാനത്തിൽ പ്രീമിയം തിരികെ നൽകുന്നതാണ്.

**ചോ. നഷ്ടം സംഭവിച്ചെങ്കിൽ, ഇൻഷൂർഡ് വ്യക്തിയുടെ ബാദ്ധ്യതകൾ ഏവ?**

ഉ. ഇൻഷൂർ ചെയ്തിട്ടുള്ള വ്യക്തി പെരുമാറേണ്ടത് ഇൻഷൂർ ചെയ്തിട്ടില്ലെന്ന തരത്തിലാണ്. നഷ്ടത്തെ തടയുന്നതിന്/വർധിപ്പിക്കുന്നതിന് എതിരെ എല്ലാ മുൻകരുതലുകളും എടുക്കുക. ഇൻഷൂറൻസ് കമ്പനിയെ അറിയിക്കുക, അവർക്ക് നാശനഷ്ടങ്ങളെ പരിശോധിക്കുന്നതിന് ഒരവസരം നൽകേണ്ടതുണ്ട്. അഗ്നിശമന വിഭാഗത്തെ അറിയിച്ചാൽ അഗ്നിബാധ കെടുത്തുവാൻ അവർ സഹായിക്കും. അഗ്നിശമന പ്രവർത്തനങ്ങൾ നടക്കുമ്പോൾ, വെള്ളംമൂലം മറ്റു ഇൻഷൂർഡ് സ്വത്തിന് ഏതെങ്കിലും നാശം സംഭവിച്ചാൽ, ഇൻഷൂറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നതാണ്. നാശനഷ്ടങ്ങളെ വിലയിരുത്തുമ്പോൾ, സർവേയറോട് സഹകരിക്കുക. സർവേയർ എത്തിച്ചേരുവാൻ കാലതാമസം വരാമെങ്കിൽ, ഫോട്ടോകൾ എടുക്കുക/ ബാധിതമല്ലാത്ത സ്വത്തുക്കളെ ഒരു സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുകയും ചെയ്യുക. പൂരിപ്പിച്ച ക്ലെയിം പത്രികയും നിങ്ങളുടെ ക്ലെയിമിന്റെ പിന്തുണക്കായി ഇൻഷൂറർ ആവശ്യപ്പെടുന്ന പ്രമാണങ്ങൾ നൽകുകയും ചെയ്യുക. റിപ്പെയർ / പകരംവെക്കലിനു ശേഷം ബില്ലുകൾ ഇൻഷൂറർക്ക് സമർപ്പിക്കുക.

**ചോ. ഞാൻ ഒരു അധിക മൂല്യത്തിന് ഇൻഷൂർ ചെയ്യുന്നെങ്കിൽ, എനിക്ക് ഉയർന്ന ക്ലെയിം തുക ലഭിക്കുമോ?**

ഉ. ഇല്ല. നിങ്ങൾ ഒരു ഫയർ ഇൻഷൂറൻസ് പോളിസിക്ക് അപേക്ഷിക്കുമ്പോൾ, മുതലിന്റെ അപ്പോഴത്തെ മാർക്കറ്റ് മൂല്യം അഥവാ മുതലിന്റെ പകരം തിരികെ വെക്കൽ മൂല്യം, ഇൻഷൂർ ചെയ്യപ്പെടേണ്ട കൃത്യ തുക കണക്കാക്കുന്നതിന് ഇൻഷൂർഡ് തുകയുടെ അടിസ്ഥാനത്തെ ആധാരമാക്കി കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ഒരു പരിരക്ഷിത സ്വത്തിന് നഷ്ടം അഥവാ നാശം സംഭവിക്കുമ്പോൾ കൊടുക്കേണ്ട നഷ്ടപരിഹാരം കണക്കാക്കുക ആ സ്വത്ത് പര്യാപ്തമായി ഇൻഷൂർ ചെയ്തിട്ടുണ്ടോ അതോ ഇല്ലയോ എന്നതിനെ ആസ്പദമാക്കിയാണ്. ഇൻഷൂർഡ് തുക അമിതമാണെങ്കിൽ, അതുമൂലം അനാവശ്യമായി അധികം പ്രീമിയ തുക കൊടുക്കേണ്ടിവരും; ഇൻഷൂർഡ് തുക അപര്യാപ്തമാണെങ്കിൽ മാർക്കറ്റ് മൂല്യത്തോട് ആനുപാതികമായ തുക മാത്രമെ നിങ്ങൾക്ക് ലഭിക്കുകയുള്ളൂ.

**ചോ. ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, കലാകൃതികൾ എന്നിവയെ ജനറൽ ഫയർ ഇൻഷൂറൻസ് പോളിസിയിൽ ഉൾപ്പെടുത്താമോ?**

ഉ. ഇൻഷൂറർ മുൻപുതന്നെ സമ്മതം നൽകിയിട്ടില്ലാത്ത പക്ഷം, ആഭരണങ്ങളും അലങ്കാര വസ്തുക്കളും, കലാകൃതികൾ, കൈയെഴുത്തു പ്രതികൾ, ആധാരപ്പെടുത്തിയ വിവരങ്ങൾ, കമ്പനിയിലെ സിസ്റ്റം വിവരങ്ങൾ, ഷെയറുകളും സ്റ്റോക്കുകളും, ക്യാഷ് എന്നിവ ജനറൽ ഇൻഷൂറൻസ് പോളിസിയിൽ പരിരക്ഷിക്കുന്നതല്ല. ഇവയെ നിർദിഷ്ട അഭ്യർത്ഥനകൊണ്ട് പരിരക്ഷിക്കാവുന്നതാണ് കൂടാതെ ആവശ്യമെങ്കിൽ മൂല്യനിർണയത്തിന് വിധേയമാക്കാവുന്നതാണ്.

**ചോ. എന്റെ കെട്ടിടത്തിന്റെ പരിരക്ഷക്കായി ഞാനൊരു ഇൻഷൂറൻസ് പോളിസി എടുത്തിട്ടുണ്ട്. എന്റെ ബിസിനസിന് ധനസഹായം നൽകിയ ബാങ്ക് വേറെ ഒരു ഇൻഷൂറൻസ് കൂടി എടുത്തിട്ടുണ്ട്. ഒരേ സ്വത്തിന്റെ പരിരക്ഷക്കായുള്ള രണ്ടു പോളിസികളും ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ട്. ഒരു ക്ലെയിം ഉന്നയിക്കുമ്പോൾ എന്തു സംഭവിക്കും?**

ഉ. ഒരു ക്ലെയിം ഉന്നയിക്കുമ്പോൾ, ഓരോ ഇൻഷൂററും അവരുടെ യഥാക്രമം പോളിസികൾ പ്രകാരം സംഭാവനയുടെ തത്വത്തിന് അനുസൃതമായി അഷ്വേർഡ് തുകക്ക് അനുപാതത്തിൽ നഷ്ടതുക നൽകും. നഷ്ടപരിഹാര തത്വത്തിന്റെ ഉദ്ദേശ്യം ഇതാണ്; ഇൻഷൂർഡ് വ്യക്തിയെ സംഭവം നടക്കുന്നതിനു മുൻപ് കൈവശം വെച്ച അതേ നിലയിൽ നിലനിർത്തുക. ഓരോ പോളിസിക്കു കീഴിലും നഷ്ടത്തിന്റെ മുഴുവൻ തുകക്കുള്ള ക്ലെയിം നടത്തുന്നതിൽനിന്ന് ഇൻഷൂർഡ് വ്യക്തിയെ തടഞ്ഞിരിക്കുന്നു. ഇൻഷൂറൻസ് കമ്പനി



ഇൻഷൂർഡ് വ്യക്തിക്ക് നഷ്ടപരിഹാരം കൊടുക്കുന്നത്, യഥാർത്ഥ നഷ്ടം ഉണ്ടായതിനു മാത്രമാണ് അതും വിലയിടിവ്, പോളിസി അമിതത്വം എന്നിവക്ക് വിധേയമായി, അല്ലാതെ ഒരു നഷ്ടത്തിൽനിന്ന് ലാഭം ഉണ്ടാക്കുവാൻ അനുവദിക്കുന്നില്ല.

**ചോ. സാൽവേജിന് ഇവിടെ എന്താണ് പ്രസക്തി?**

ഉ. വ്യത്യസ്ത ഇനം ഇൻഷൂറൻസ് പോളിസികൾ പ്രകാരം ക്ലെയിമുകളുടെ കാര്യത്തിൽ, ഭാഗികമായി നശിച്ച ചരക്കുകൾ അഥവാ കാറിന്റെ അഥവാ ഏതെങ്കിലും മെഷിനറിയുടെ അഥവാ മറ്റേതെങ്കിലും സ്വത്തിന്റെ അവശേഷം ടോട്ടൽ ലോസ്സ് ബേസിസ് ആയി തീർപ്പാക്കുന്നതിനെ സാൽവേജ് എന്ന് അറിയപ്പെടുന്നു. മുഴുവൻ തുകക്ക് ക്ലെയിം തീർപ്പാക്കിയ ശേഷം ഈ സാൽവേജ് ഇൻഷൂറൻസ് കമ്പനിയുടെ സ്വത്തായിത്തീരുന്നു. സാൽവേജ് നശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് വിധേയമായി, നഷ്ടത്തിന്റെ വിലയിരുത്തൽ നടത്തിയ സർവേയർക്ക് ഇൻഷൂറൻസ് കമ്പനി ഈ സാൽവേജ് നശിപ്പിക്കുന്നതിന്റെ

ജോലി സാധാരണയായി ഏൽപ്പിച്ചു കൊടുക്കുന്നു. സാൽവേജ് നശിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന തുക, നഷ്ടങ്ങൾക്ക് കൊടുക്കുന്ന തുകയിൽനിന്ന് ഇൻഷൂറൻസ് കമ്പനി കിഴിക്കുന്നു.

**ചോ. ഞാൻ എന്റെ ചരക്കുകളെ യാത്രയിലെ നഷ്ടങ്ങൾക്കെതിരെ പരിരക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ഏതു പോളിസി എടുക്കണം?**

ഉ. മറീൻ കാർഗോ പോളിസി യാത്രയിലെ നഷ്ടങ്ങൾക്കെതിരെ ചരക്കുകൾക്ക് സംരക്ഷണം നൽകുന്നു. നിങ്ങൾക്ക് ഈ പോളിസി എടുക്കാം, ഉദാഹരണത്തിന്, നിങ്ങളുടെ വീട്ടു സാമാനങ്ങൾ ഒരിടത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നു. നിങ്ങൾക്ക് ഒന്നുകിൽ ബേസിക് കവർ ആവശ്യപ്പെടാം അല്ലെങ്കിൽ ഒരു ഓൾ റിസ്ക്സ് കവർ. രണ്ടാമത്തേത് കുറച്ചുകൂടി വിശാലമായ പരിരക്ഷ നൽകും. നിങ്ങൾ വാങ്ങുന്നത് എന്താണെന്ന് അറിയുവാൻ ദയവായി പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും വായിക്കുക.

**ചോ. മറീൻ കാർഗോ ഇൻഷൂറൻസ് ആരാണ് ഏർപ്പാട് ചെയ്യേണ്ടത് - വാങ്ങുന്ന ആളോ അതോ വിൽക്കുന്ന ആളോ? അല്ലെങ്കിൽ രണ്ടു കൂട്ടർക്കും ചില സംരക്ഷണങ്ങൾ ആവശ്യമാണോ?**

ഉ. ഇത് രണ്ടു കൂട്ടരും ഒപ്പുവെക്കുന്ന സെയിൽ കരാർ പത്രത്തെ ആശ്രയിച്ചിരിക്കും. ഓരോ സെയിൽ നിബന്ധനക്കും അതായത് ഫ്രീഓൺ ബോർഡ് (എഫ്ഓബി), കോസ്റ്റ് ആന്റ് ഫ്രേറ്റ് (സി ആന്റ് എഫ്), കോസ്റ്റ് ഇൻഷൂറൻസ് ആന്റ് ഫ്രേറ്റ് (സിഐഎഫ്), ഇൻഷൂറൻസ് ഏർപ്പാടു ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വ്യത്യസ്തമാണ്.

**ചോ. എനിക്കെന്റെ സ്വർണരത്നാഭരണങ്ങൾ പരിരക്ഷിക്കണം. ഞാൻ ഏതു പോളിസിയാണ് എടുക്കേണ്ടത്?**

ഉ. സ്വർണരത്നാഭരണങ്ങളുടെ പരിരക്ഷക്കായി ഇൻഷൂറർമാർ ഓൾ റിസ്ക്സ് പോളിസി നൽകുന്നുണ്ട്. നിങ്ങളുടെ സ്വർണരത്നാഭരണങ്ങളുടെ മൂല്യം ശരിയായി കണക്കാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ഒരു



ക്ലെയിം ഉണ്ടായാൽ മൂല്യനിർണയത്തിന്റെ തെളിവ് കാണിക്കുവാൻ നിങ്ങൾക്ക് കഴിയുകയും വേണം. ഒരു ഓൾ റിസ്ക്സ് പോളിസിക്കും നിരാകരണങ്ങൾ ഉണ്ട്, അതിനാൽ അതിന്റെ നിബന്ധനകളും വ്യവസ്ഥകളും ശ്രദ്ധിച്ചു വായിക്കുക.

**ചോ. ഞാൻ സ്ഥലത്തില്ലാത്തപ്പോൾ എന്റെ വീട്ടുസാമാനങ്ങൾക്ക് ഭവന ഭേദനത്തിനെതിരെ പരിരക്ഷ എടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കൊരു ബർഗ്ലറി ഇൻഷൂറൻസ് പോളിസി എടുക്കാൻ കഴിയുമോ?**

ഉ. ഒരു ബർഗ്ലറി ഇൻഷൂറൻസ് പോളിസി ഭവന ഭേദനത്തിന്റെ ആപൽസാധ്യതകൾക്കെതിരെ സാധനങ്ങൾക്ക് പരിരക്ഷ നൽകുന്നു. മോഷണത്തിനെതിരെയുള്ള പരിരക്ഷക്ക് പുറമെയായും ഒരു ബർഗ്ലറി ഇൻഷൂറൻസ് പോളിസി നൽകാവുന്നതാണ്. ഒരു നിശ്ചിത കാലയളവിനപ്പുറവും വീട്ടിൽ ആൾത്താമസമില്ലെന്ന് നിങ്ങൾ ഇൻഷൂറൻസ് കമ്പനിയെ അറിയിച്ചിട്ടില്ലാത്ത പക്ഷം അതുപോലെ വീട്ടിൽ താമസമില്ലാത്തപ്പോഴും പരിരക്ഷ ദീർഘിപ്പിക്കുവാൻ അവർ നിശ്ചിതമായി സമ്മതിച്ചിട്ടില്ലാത്ത പക്ഷം ബർഗ്ലർ ഇൻഷൂറൻസ് പോളിസി സാധാരണയായി പ്രവർത്തനരഹിതമായിത്തീരും. നിങ്ങൾ സ്ഥലത്തില്ലാത്തപ്പോൾ മാത്രം പരിരക്ഷ ആവശ്യപ്പെടുന്നതിനേക്കാൾ എപ്പോഴും ഒരു ബർഗ്ലറി പോളിസി ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. വീട് പൂട്ടിക്കിടക്കുന്ന സമയത്തേക്കു മാത്രമായി അതിനകത്തെ വസ്തുക്കളെ ഇൻഷൂർ ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അത്തരം ഒരു പോളിസി നിങ്ങൾക്ക് കിട്ടിയെന്നുവരില്ല.

## പോളിസിഹോൾഡർ സർവീസിങ്ങ് ടേൺഎറൗണ്ട് ടൈംസ്
## ഐആർഡിഎ നിർദേശിച്ച പ്രകാരം

| സർവീസ് | ഏറ്റവും കൂടിയ തിരികെ നൽകൽ സമയം |
|---|---|
| **സാമാന്യം** | |
| അഭ്യർത്ഥനയുടെ പരിഗണനയും ആവശ്യകതകൾ/ പോളിസി ഇഷ്യൂ ചെയ്യൽ/റദ്ദാക്കൽ എന്നിവ ഉൾപ്പെട്ട തീരുമാനങ്ങളുടെ അറിയിക്കലും | 15 ദിവസം |
| അഭ്യർത്ഥനയുടെ കോപ്പി ലഭിക്കൽ | 30 ദിവസം |
| പിശകുകൾ/ അഭ്യർത്ഥന ഡിപ്പോസിറ്റ് തിരികെ കൊടുക്കലും സംബന്ധിച്ച് പോസ്റ്റ് പോളിസി ഇഷ്യൂ സേവന അഭ്യർത്ഥനകളും നോൺ-ക്ലെയിം ബന്ധപ്പെട്ട സേവന അഭ്യർത്ഥനകളും | 10 ദിവസം |
| **ലൈഫ് ഇൻഷൂറൻസ്** | |
| സറണ്ടർ മൂല്യം/ആന്വിറ്റി/പെൻഷൻ പ്രോസസ്സിങ്ങ് | 10 ദിവസം |
| കാലപൂർത്തി ക്ലെയിം/സർവൈവൽ ബെനിഫിറ്റ്/ പീനൽ പലിശ കൊടുക്കാതിരിക്കൽ | 15 ദിവസം |
| ക്ലെയിം സമർപ്പിച്ച ശേഷം ക്ലെയിം ആവശ്യകതകൾ ഉന്നയിക്കൽ | 15 ദിവസം |
| അന്വേഷണ ആവശ്യകത കൂടാതെ മരണ ക്ലെയിം തീർപ്പ് | 30 ദിവസം |
| അന്വേഷണ ആവശ്യകതക്കൊപ്പം മരണ ക്ലെയിം തീർപ്പ്/നിരാകരണം | 6 മാസം |
| **ജനറൽ ഇൻഷൂറൻസ്** | |
| സർവേ റിപ്പോർട്ട് സമർപ്പിക്കൽ | 30 ദിവസം |
| ഇൻഷൂറർ അനുബന്ധ റിപ്പോർട്ട് ആവശ്യപ്പെടുന്നത് | 15 ദിവസം |
| ഒന്നാമത്തെ/അനുബന്ധ സർവേ റിപ്പോർട്ട് ലഭിച്ച ശേഷം ക്ലെയിം തീർപ്പ്/നിരാകരണം | 30 ദിവസം |
| **പരാതികൾ** | |
| ഒരു പരാതി ലഭിച്ചെന്ന് അറിയിക്കൽ | 3 ദിവസം |
| പരാതി പരിഹരിക്കൽ | 15 ദിവസം |



Bima Bemisaal

## 5. നിങ്ങൾക്കൊരു പരാതി ഉണ്ടെങ്കിൽ:

ഇൻഷൂറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അഥോറിറ്റിയുടെ (ഐആർഡിഎഅ) കൺസ്യൂമർ അഫെയേർസ് ഡിപാർട്ട്മെന്റ് ഒരു ഇന്റഗ്രേറ്റഡ് ഗ്രീവൻസ് മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്; ഇത് പരാതികളുടെ രജിസ്ട്രേഷനും ട്രാക്കിങ്ങിനും വേണ്ടിയുള്ള ഒരു ഓൺലൈൻ സിസ്റ്റമാണ്. നിങ്ങൾക്കുള്ള പരാതി നിങ്ങൾ ആദ്യം ഇൻഷൂറൻസ് കമ്പനിയിൽ രജ്സ്റ്റർ ചെയ്യണം. കമ്പനി നടത്തിയ അതിന്റെ നിവാരണത്തിൽ നിങ്ങൾക്ക് തൃപ്തിയായില്ലെങ്കിൽ, www.igms.irda.gov.inൽ പ്രവേശിച്ച് ഐജിഎംഎസ് വഴിയായി ഐആർഡിഎ യിലേക്ക് നിങ്ങൾക്കതിനെ അയക്കാം. ഇൻഷൂററുടെ ഗ്രീവൻസ് സിസ്റ്റം നിങ്ങൾക്ക് നേരിട്ട് ബന്ധപ്പെടുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ പരാതി ഇൻഷുറൻസ് കമ്പനിയിൽ രജിസ്റ്റർ ചെയ്യുന്നതിന് നിങ്ങൾക്കൊരു ഗേറ്റ്വേ കൂടി ഐജിഎംഎസ് നിങ്ങൾക്ക് നൽകുന്നു.

നിങ്ങളുടെ പരാതി ഐജിഎംഎസ് വഴി (അതായത്, വെബ്)രജിസ്റ്റർ ചെയ്യുന്നതിനു പുറമെ, നിങ്ങൾക്ക് പരാതി രജിസ്റ്റർ ചെയ്യുവാൻ വേറേയും പല മാർഗങ്ങളുമുണ്ട് - ഇ-മെയിൽ വഴി (complaints@irda.gov.in), തപാൽ വഴി (കൺസ്യൂമർ അഫെ യേർസ് ഡിപാർട്ട്മെന്റ്, ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അഥോറിറ്റി, 3ാം നില, പരിശ്രം ഭവൻ, ബഷീർ ബാഗ്, ഹൈദരാബാദ്-4) അഥവാ ഐആർഡിഎ കോൾ സെന്റ റിലേക്ക് **ടോൾ ഫ്രീ 155255**ൽ വെറുമൊരു ഫോൺ കോൾ, എങ്കിൽ ഐആർഡിഎ ഇൻഷൂറൻസ് കമ്പനികൾ ക്കെതിരെയുള്ള നിങ്ങളുടെ പരാതികൾ സൗജന്യമായി രജിസ്റ്റർ ചെയ്യുകയും അതിന്റെ സ്ഥിതി നിരീക്ഷിക്കുവാൻ സഹായിക്കുന്നതുമാണ്. കോളിനെ ആസ്പദമാക്കി പരാതി ഫോം പൂരിപ്പിക്കുവാൻ കോൾ സെന്റർ സഹായിക്കുന്നു. ആവശ്യമുള്ളിടത്തെല്ലാം, ഇൻഷൂറൻസ് കമ്പനികൾക്കൊപ്പം പരാതികൾ നേരിട്ട് ഫയൽ ചെയ്യുന്നതിന് ആദ്യം അത് സഹായിക്കും. അതിന് ഇൻഷൂറൻസ് കമ്പനിയുടെ

മേൽ വിലാസം, ടെലിഫോൺ നമ്പർ, വെബ്സൈറ്റ് വിവരങ്ങൾ, ബന്ധപ്പെടേണ്ട നമ്പർ, ഇ-മെയിൽ ഐഡി എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകും. പോളിസിധാരകർക്കും സംഭാവ്യത ഉള്ളവർക്കും ഐആർഡിഎ കോൾ സെന്റർ നൽകുന്നത് ഒരു തികച്ചും പകര മാർഗമാണ്. സംഗ്രഹിത ടെലി-ഫങ്ഷനാലിറ്റീസ്മൂലം ഹിന്ദി, ഇംഗ്ലീഷ്, വിവിധ ഇന്ത്യൻ ഭാഷകളിൽ, തിങ്കളാഴ്ചമുതൽ ശനിയാഴ്ചവരെ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ 12 മണിക്കൂർ x 6 ദിവസത്തെ ഒരു സേവന പ്ലാറ്റ്ഫോം അത് നൽകുന്നു.

ഐആർഡിഎ യിൽ ഒരു പരാതി രജിസ്റ്റർ ചെയ്താൽ, ഇൻഷൂറൻസ് കമ്പനിയിൽ അതിനെ ഉന്നയിച്ചുകൊണ്ട് അതിന്മേൽ തീർപ്പുണ്ടാക്കുന്നു. പരാതി പരിഹരിക്കുന്നതിന് കമ്പനിക്ക് 15 ദിവസം നൽകപ്പെടും. ആവശ്യമെങ്കിൽ, ഐആർഡിഎ അന്വേഷണങ്ങളും പരിശോധനകളും നടത്തും. കൂടാതെ, ബാധകമായിടത്തെല്ലാം, റീഡ്രെസ്സൽ ഓഫ് പബ്ലിക് ഗ്രീവൻസസ് റൂൾസ്, 1998ന്റെ നിബന്ധനകൾ പ്രകാരം ഇൻഷൂറൻസ് ഓംബുഡ്സ്മാനെ സമീപിക്കുന്നതിന് ഐആർഡിഎ ഉപദേശിക്കുന്നു.



**അസ്വീകരണം**

ഈ ലഘുപുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത് നിങ്ങൾക്ക് സാമാന്യ അറിവുകൾ നൽകുക മാത്രമാണ്, സർവവിധ വിശദാംശങ്ങളും നൽകുകയല്ല. ഇതൊരു ശിക്ഷണ സംരംഭമാണ്, നിങ്ങൾക്ക് ഏതെങ്കിലും നിയമോപദേശങ്ങൾ നൽകുകയല്ല.